പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1069

29.09.2011 – ൽ മറുപടിക്ക്

## കാസർഗോഡ് - തലപ്പാടി നാലുവരിപ്പാത നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ബി.അബ്ദുൾ റസാക് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) | കാസറഗോഡ് മുതൽ തലപ്പാടി വരെയുള്ള ദേശീയ പാതയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഇവിടെ അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. |
| (ബി) | തലപ്പാടിവരെ നാലുവരിപ്പാത നിർമ്മാണം കർണ്ണാടക സർക്കാർ ധ്രുതഗതിയിൽ നടത്തിവരുമ്പോൾ തലപ്പാടി മുതൽ കാസറഗോഡു വരെ നാലു വരിപ്പാത നിർമ്മാണം ആരംഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് തലപ്പാടി മുതൽ ഇടപ്പള്ളി വരെയുള്ള എൻ.എച്ച്.17 -ന്റെ ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്രഗസറ്റ് വിജ്ഞാപന പ്രകാരം NHAI യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ സ്ഥല മെടുപ്പുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയി ലാണ്. ആയതിനാൽ പ്രസ്തുത റോഡ് വികസനത്തിന്റെ സ്ഥലമെടുപ്പ് താത്ക്കാലികമായി നിർത്തിവച്ചിരിക്കു കയാണ്. |
| (സി) | സംസ്ഥാനത്തിനകത്തെ നാലുവരിപ്പാതയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതനുസരിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ